## പതിമൂന്നാം കേരളനിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3475. 21.12.2012-ൽ മറുപടിക്ക്.

**ഇ.എം.എസ് ഭവന പദ്ധതികൾ പുതുക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | പാവപ്പെട്ടവർക്ക് വീട് നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ച ഇ.എം.എസ് ഭവന പദ്ധതി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇ.എം.എസ് ഭവന പദ്ധതി 2009-2011 കാലയളവിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. തുടർന്ന് ഒരു വർഷത്തേക്ക് (2011-12) പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചിരുന്നു. 31.03.2012 ന് പദ്ധതി കാലാവധി അവസാനിച്ചു. എന്നാൽ 31.03.12 ന് മുൻപ് എഗ്രിമെന്റ് വച്ച് പണി ആരംഭിച്ച ഗുണഭോക്താക്കൾക്ക് നിലവിൽ പുതുക്കിയ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. |
| (ബി) | ഇല്ലെങ്കിൽ പദ്ധതി പുതുക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ തയ്യാറാകുമോ; എങ്കിൽ എന്നത്തേക്ക് പുതുക്കുമെന്ന് വെളിപ്പെടുത്താമോ; | (ബി) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 31.03.2012 വരെ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ച ഗുണഭോക്താക്കൾക്ക് ബാക്കി തുക നൽകുകയാണ് നിലവിൽ ചെയ്തു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | ചില തദ്ദേശ സ്ഥാപനങ്ങൾ മാർഗ്ഗരേഖ പുതുക്കുമെന്ന് പ്രതീക്ഷിച്ച് ഉപഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഫണ്ട് വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ സർക്കാർ നിലപാടെന്താണ് എന്ന് വെളിപ്പെടുത്തുമോ; | (സി) | മാർഗ്ഗരേഖ പുതുക്കുമെന്ന് പ്രതീക്ഷിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഫണ്ട് വകയിരുത്തിയത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇ.എം.എസ് ഭവന പദ്ധതിക്കായി ഇതിനകം എന്തു തുക അനുവദിച്ചെന്ന് വിശദമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ